വിദേശ കമ്പനികളുമായി ചേർന്ന് വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി

20 [*249] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, തോമസ് ചാഴികാടൻ :

,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വൻകിട വിദേശ കമ്പനികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ വ്യവസായ ഗ്രൂപ്പുകളാണ് താല്പര്യം പ്രകടിപ്പിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത ഗ്രൂപ്പുകളുമായി സർക്കാർ പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) ഏതൊക്കെ മേഖലകളിലാണ് വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(ഇ) എത്ര കോടി രൂപയുടെ വ്യവസായ നിക്ഷേപമാണ് ഇതിലൂടെ നടത്താൻ ഉദ്ദേശിക്കുന്നത്, വിശദാംശങ്ങൾ നൽകാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്) :

(എ, ബി) ഉണ്ട്. താഴെപ്പറയുന്ന ഗ്രൂപ്പുകൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

1. ബവേറിയൻ മോട്ടോർ വർക്സ്, ജർമ്മനി (ബി.എം.ഡബ്ളിയു.)
2. ലിബർട്ടി ഗ്രൂപ്പ്, ഇറ്റലി
3. ദുബായ് ഇന്റർനെറ്റ് സിറ്റി
4. എൽ. ജി. ഇലക്ട്രോണിക്സ്
5. നോക്കിയ, ഫിൻലാന്റ്

(സി) ഉണ്ട്.

(ഡി) കാർ അസ്സംബ്ലിംഗ് യൂണിറ്റ്, ഫാഷൻ വില്ലേജ്, ഐ.ടി. സ്മാർട്ട് സിറ്റി, ടെലിവിഷൻ സെറ്റ്, മൈക്രോ വേവ് ഓവൻ നിർമ്മാണം, മൊബൈൽ ഫോൺ നിർമ്മാണം തുടങ്ങിയ മേഖലകളിലാണ് ഉദ്ദേശിക്കുന്നത്.

2/2312/12

LIBRARY ARCHIVES Kerala Legislative Assembly

(ഇ)	കാർ അസ്സംബ്ലിംഗ് യൂണിറ്റ്, കൊച്ചി	1000 കോടി
	ഇറ്റാറിയൻ ഹാഷൻ വില്ലേജ്, കൊച്ചി	450 കോടി
	സ്മാർട്ട് സിറ്റി, കൊച്ചി	1350 കോടി
	ടെറിറിഷൻ സെറ്റ്, മൈക്രോ വേവ് ഓവൻ നിർമ്മാണം കൊച്ചി/തൃശ്ശൂർ	100 കോടി
	മൊബൈൽ ഫോൺ നിർമ്മാണം, കൊച്ചി	200 കോടി

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് പ്രകാരം തുടങ്ങിയ വ്യവസായങ്ങൾ

1 [1206] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

,, എം. എം. ഹസ്സൻ :

,, എം. ആർ. ഗംഗാധരൻ :

,, കെ. സുധാകരൻ :

,, ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ എത്ര തുക സംസ്ഥാനത്ത് നിക്ഷേപിക്കുന്നതിനുള്ള എം.ഒ.യു.-വിൽ ഒപ്പുവയ്ക്കപ്പെട്ടു ;

(ബി) എത്ര വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനാണ് ഈ എം.ഒ.യു. മുഖേന പ്രതീക്ഷിക്കപ്പെട്ടത് ;

(സി) അതിൽ എത്ര വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടിയായി ;

(ഡി) ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് പ്രകാരം തുടങ്ങിയ വ്യവസായങ്ങൾ എന്നത്തേക്ക് പ്രവർത്തനം തുടങ്ങുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 11,159.45 കോടി രൂപയുടെ പദ്ധതികൾക്കാണ് ജിമ്മിൽ ഒപ്പുവയ്ക്കപ്പെട്ടത്.

(ബി) 96 പദ്ധതികൾക്കാണ് എം.ഒ.യു. ഒപ്പ് വച്ചത്.

LIBRARY ARCHIVES Kerala Legislative Assembly